## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2372 01.04.2013 ൽ മറുപടിക്ക്.**

**ആലത്തൂർ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുനികത്തുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ചന്ദ്രൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. ആലത്തൂർ താലൂക്ക് ആശുപത്രിയിൽ 18 ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ അസിസ്റ്റന്റ് സർജന്റെ 2 ഒഴിവും സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ 4 ഒഴിവും അസിസ്റ്റന്റ് ദന്തൽ സർജന്റെ 1 ഒഴിവും നിലവിലുണ്ട്. |
| (ബി)ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികയിലേയ്ക്ക് എന്നത്തേയക്ക് നിയമനം നടത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) ഒഴിവുള്ള ഏഴ് തസ്തികകളിൽ രണ്ടു ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ, അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തി വരികയും ചെയ്യുന്നു. അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എമർജൻസി റിക്രൂട്ട്മെന്റ് പി.എസ്.സി നടപ്പിലാക്കിയിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകളിൽ സർവ്വീസിൽ പി.ജി യോഗ്യതയുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ആലത്തൂർ ആശുപത്രിയിൽ നിയമിച്ചിട്ടുള്ള ഡോക്ടർമാരേയും നഴ്സുമാരേയും 'വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ മറ്റു ആശുപത്രിയിലേയ്ക്ക് ഡ്യൂട്ടിയ്ക്കുനിയോഗിച്ചിട്ടുണ്ടോ; | സി) ഉണ്ട്. ഒരു ശിശുരോഗ ഡോക്ടറെ തിരുവനന്തപുരം പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിലും മറ്റൊരു ശിശുരോഗ ഡോക്ടറെ പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും (ഒരു സ്റ്റാഫ് നെഴ്സിനെ വടക്കാഞ്ചേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും) ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ എത്ര പേരെയാണ് ഇങ്ങനെ നിയമിച്ചിട്ടുള്ളത്; | ഡി) ഡോക്ടർ - 2 (സ്റ്റാഫ് നേഴ്സ് - 1). |
| (ഇ)ആലത്തൂർ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവു നികത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഇ) അസിസ്റ്റന്റ് സർജൻ, അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി - യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തി വരികയും ചെയ്യുന്നു. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ഒഴിവുകൾ സർവ്വീസിൽ പി.ജി യോഗ്യതയുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sobhe (signature)

സെക്ഷൻ ഓഫീസർ